ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:27.09.2025**

## പ്രധാനവാർത്തകൾ

1. **സമൂഹത്തിലെ പിന്നാക്കം നില്ക്കുന്നവരുടെ ശാക്തീകരണത്തിനായാണ് കേന്ദ്ര സർക്കാർ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി**

2. **കേരളത്തിന്റെ സമഗ്ര വികസനത്തിന് സാധ്യമായ എല്ലാ നടപടികളും കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നതായി കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ.**

3. **സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ ഈ മാസം 29 മുതൽ വീണ്ടും പേരു ചേർക്കാൻ അവസരം ; കരടു പട്ടിക തിങ്കളാഴ്ച പ്രസിദ്ധീകരിക്കും.**

4. **വൈജ്ഞാനിക സമൂഹമായി മാറാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് പിന്തുണ ഉറപ്പാക്കാൻ പ്രവാസികളുടെ സഹകരണം അനിവാര്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

5. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാാം പതിപ്പ് നാളെ രാവിലെ 11ന്.**

6. **ഏഷ്യാകപ്പ് ടി 20 ക്രിക്കറ്റ് ഫൈനലിൽ നാളെ ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം. ഇന്ന് ദുബായിലാണ് മത്സരം.**

*********************************************************

RNU TVPM

## പി എം ഒഡിഷ

സമൂഹത്തിലെ പിന്നാക്കം നില്ക്കുന്നവരുടെ ഉന്നമനത്തിനും ശാക്തീകരണത്തിനുമായാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഒഡിഷയിലെ ഝാർസുഗുഡയിൽ ടെലികമ്മ്യൂണിക്കേഷൻ, റെയിൽവേ, ഉന്നത വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, നൈപുണ്യ വികസനം തുടങ്ങി വിവിധ മേഖലകളിലായി അറുപതിനായിരം കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാലക്കാട് ഉൾപ്പെടെ എട്ട് IIT കളുടെ രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ശിലാസ്ഥാപനവും പ്രധാനമന്ത്രി ഓൺലൈനായി നിർവഹിച്ചു. 2,600 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി പാലക്കാട് നടക്കുക.

************************************

## ബി ജെ പി സംസ്ഥാന സമിതി - നഡ്ഡ

കേരളത്തിൻറെ സമഗ്ര വികസനത്തിന് കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നതായി കേന്ദ്ര മന്ത്രിയും ബി ജെ പി ദേശീയ അധ്യക്ഷനുമായ ജെ.പി.നഡ്ഡ. കേരളത്തിൽ കൃത്യസമയത്ത് ഉചിതമായ സ്ഥലത്ത് എയിംസ് വരുമെന്നും അദ്ദേഹം പറഞ്ഞു. കൊല്ലത്ത് ബി ജെ പി സംസ്ഥാന സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റെയിൽവെ മേഖലയിലെ നിക്ഷേപം എട്ട് ശതമാനമാണ് വർദ്ധിച്ചിരിക്കുന്നത്. 35 അമൃത് ഭാരത് സ്റ്റേഷനുകൾ കൂടി കേരളത്തിൽ നവീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

************************************

RNU TVPM

## ജെ.പി നഡ്ഡ @ അമൃതപുരി

കൊല്ലത്ത് അമൃതപുരിയിൽ മാതാ അമൃതാനന്ദമയിയുടെ72-ാം ജന്മദിനാഘോഷത്തിലും കേന്ദ്ര മന്ത്രി പങ്കെടുത്തു. മാതാ അമൃതാനന്ദമയിയുടെ ജീവിതം സമൂഹത്തിന്റെ ശാക്തീകരണത്തിനായി സമർപ്പിച്ചതെന്ന് അദ്ദേഹം പറഞ്ഞു. പ്രശസ്ത എഴുത്തുകാരൻ പി.ആർ. നാഥന് അമൃത കീർത്തി പുരസ്കാരവും ശ്രീ നഡ്ഡ സമ്മാനിച്ചു. കേന്ദ്ര സഹമന്ത്രിമാരായ എൽ മുരുഗൻ, ജോർജ് കുര്യൻ, ശശി തരൂർ എം പി, ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**************************************

## മുഖ്യമന്ത്രി - നോർക്ക

വൈജ്ഞാനിക സമൂഹമായി മാറാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് ആഗോള പിന്തുണ ഉറപ്പാക്കാൻ പ്രവാസികളുടെ സഹകരണം അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അക്കാദമിക് വിദഗ്ധരുടേയും സംരംഭകരുടേയും കഴിവുകൾ നാടിന്റെ ഉന്നമനത്തിനായി ഉപയോഗിക്കുകയാണ് ലീഡർഷിപ്പ് മീറ്റിന്റെ ലക്ഷ്യം. ലോക കേരളസഭയെ സംശയത്തോടെ കണ്ടവർക്ക് മറുപടി നൽകിയത് ക്രിയാത്മകമായ ഇടപെടലുകളിലൂടെയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

**************************************

## വോട്ടർപട്ടിക- പേരു ചേർക്കൽ

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേരു ചേർക്കാൻ വീണ്ടും അവസരം. ഇതിനായി കരട് വോട്ടർപട്ടിക തിങ്കളാഴ്ച പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ്

RNUTVPM

കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. എല്ലാ വോട്ടർമാർക്കും തിരഞ്ഞെടുപ്പ് കമ്മീഷന്റെ സവിശേഷ തിരിച്ചറിയൽ നമ്പർ നൽകി കൊണ്ടാണ് പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നത്. ഒക്ടോബർ 14 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ടാകും. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും sec.kerala.gov.in വെബ് സൈറ്റിലും കരട് പട്ടിക പരിശോധിക്കാം. അന്തിമ വോട്ടർപട്ടിക ഒക്ടോബർ 25 ന് പ്രസിദ്ധീകരിക്കും.

*************************************

## വീണ ജോർജ്ജ് - ഇൻട്രോ

കേരളത്തിന് എയിംസ് ആവശ്യമാണെന്ന് ആരോഗ്യമന്ത്രി വീണ ജോർജ്ജ്. ഇക്കാര്യത്തിൽ തീരുമാനം പെട്ടെന്ന് ഉണ്ടാകണമെന്നും, കേന്ദ്ര ആരോഗ്യമന്ത്രിക്ക് അയച്ച കത്തിൽ അനുകൂല മറുപടിയാണ് ലഭിച്ചതെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്)

*****************************************

RNU TVPM

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാം പതിപ്പ് നാളെ രാവിലെ 11 മണിക്ക്. ദൂരദർശൻറെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും.

*************************************

## സേവ പർവ് (ഇൻട്രോ)

പൊതുസേവനവും, സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ, രാജ്യത്തിന് വേണ്ടി പോരാടിയ ധീരരെ ആദരിക്കുന്നതിന് നിർമിച്ച സ്മാരകങ്ങളെ കുറിച്ചാണ്

ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

മ്യൂസിക് - (വോയ്സ്)

സ്വാതന്ത്ര്യ സമരസേനാനികളുടെ ത്യാഗം, ധീരത എന്നിവയിലൂടെ നിർമ്മിക്കപ്പെട്ടതാണ് നമ്മുടെ രാജ്യം. സ്മാരകങ്ങളുടെ നിർമിതിയിലൂടെ രാജ്യത്തിന്റെ അഭിമാനമായ ധീരൻമാരെ അനുസ്മരിക്കുകയാണ് കേന്ദ്ര സർക്കാർ. നിലവിലെ സ്മാരകങ്ങൾ പുതുക്കി പണിയുന്നതിന്റേയും പുതിയവ നിർമിക്കുന്നതിന്റെയും പ്രാധാന്യത്തെ കുറിച്ച് പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനവേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പരാമർശിക്കുകയുണ്ടായി.

(പിഎം-വോയ്സ്) - മ്യൂസിക്

*************************************

RIJU TVPM

## അനൗൺസ്മെന്റ്

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെ കുറിച്ചുള്ള പ്രത്യേക ചർച്ചയുടെ രണ്ടാം ഭാഗം നാളെ ഉച്ച കഴിഞ്ഞ് 3.30 ന് പ്രക്ഷേപണം ചെയ്യും. വിഴിഞ്ഞം ഐ സി എ ആർ- സെൻട്രൽ മെറൈൻ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ സയന്റിസ്റ്റ് ഡോക്ടർ സൂര്യ എസ്സ് സംസാരിക്കും.

*************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*************************************

## വിനോദസഞ്ചാരം-സുരേഷ് ഗോപി

വിനോദസഞ്ചാര മേഖലയെ സംബന്ധിച്ച ഇന്ത്യയുടെ ദർശനങ്ങളിൽ കണക്ടിവിറ്റിക്ക് സുപ്രധാന സ്ഥാനമാണുള്ളതെന്ന് കേന്ദ്ര ടൂറിസം സഹമന്ത്രി സുരേഷ് ഗോപി. ന്യൂഡൽഹിയിൽ ലോക ടൂറിസം ദിനാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

*************************************

## സിയാൽ - മുഖ്യമന്ത്രി

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമീപ പഞ്ചായത്തുകളിൽ സിയാൽ നിർമിക്കുന്ന മൂന്ന് പാലങ്ങളും 18 മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പാലങ്ങളുടെ നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ചെങ്ങമനാട്, ശ്രീമൂലനഗരം, കാഞ്ഞൂർ, കാലടി പഞ്ചായത്തുകളിൽ 40 കോടി രൂപ ചെലവഴിച്ചാണ് നിർമാണം.

RNU TVPM

*************************************

## പുനർജീവനം -ഇടുക്കി (ഇൻട്രോ)

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന "പുനർജീവനം ' കാർഷിക പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ഇടുക്കി തൊടുപുഴയിൽ തുടക്കമായി. കേന്ദ്ര കിഴങ്ങു വിള ഗവേഷണ കേന്ദ്രത്തിന്റെ പട്ടികവർഗ ഉപപദ്ധതിയുമായി സഹകരിച്ചു കൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് പുനർജീവനം.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

**(വോയ്സ്)**

***********************************

## ഏഷ്യാകപ്പ് ടി 20 ക്രിക്കറ്റ്

ഏഷ്യാകപ്പ് ടി 20 ക്രിക്കറ്റ് ഫൈനലിൽ നാളെ ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടും. നാളെ രാത്രി എട്ടിന് ദുബായിലാണ് മത്സരം. ഇന്നലെ നടന്ന അവസാന സൂപ്പർ ഫോർ മത്സരത്തിൽ ശ്രീലങ്കയെ ഇന്ത്യ പരാജയപ്പെടുത്തി.

***********************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

***********************************

## രാജഹംസ് -രാജ്ഭവൻ

കേരള രാജ്ഭവൻ സംരംഭമായ ഇൻ-ഹൗസ് ജേണൽ 'രാജഹംസിൻ്റെ' പ്രകാശനം നാളെ രാവിലെ രാജ്ഭവൻ ഓഡിറ്റോറിയത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറിൻറെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ശ്രീ ശശി തരൂർ എംപി ആദ്യ പ്രതി ഏറ്റുവാങ്ങും.

***********************************

## സംസ്ഥാനം മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്,

വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത ഇന്ന് പ്രഖ്യാപിച്ചു. എറണാകുളം മുതൽ മലപ്പുറം വരെയുള്ള അഞ്ചു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*************************************

## സ്വച്ഛതാ ഹി സേവ കാമ്പയിൻ- പാലക്കാട്

രാജ്യവ്യാപകമായി നടക്കുന്ന സ്വച്ഛതാ ഹി സേവ കാമ്പയിന്റെ ഭാഗമായി, പാലക്കാട് റയിൽവേ ഡിവിഷൻ പാലക്കാട് ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിൽ സ്വച്ഛ് ഭാരത് സാംസ്കാരിക ഉത്സവം സംഘടിപ്പിച്ചു. പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജർ ശ്രീ മധുകർ റോട്ട് പരിപാടി ഉദ്ഘാടനം ചെയ്തു.

**************************************************************************

RNU TVPM